n. 004/2021/PL Dated: 11.10.2021

വന്ദ്യവൈദികരേ, പ്രിയ സഹോദരരേ,

2021 ഒക്ടോബർ 9-ാം തീയതി ശനിയാഴ്ച ഫ്രാൻസിസ് പാപ്പ രണ്ടുകൊല്ലം ദീർഘിക്കുന്ന മെത്രാന്മാരുടെ സിനഡ് പ്രക്രിയക്ക് തുടക്കം കുറിച്ചു. അടുത്ത ദിവസം, അതായത് 10-ാം തീയതി ഞായറാഴ്ച റോമിലെ വി. പത്രോസിന്റെ ബസിലിക്കയിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ചുകൊണ്ട് പാപ്പ സിനഡിനുവേണ്ടി പ്രാർഥിക്കുകയും അതിന്റെ വിജയത്തിനായി സഭാംഗങ്ങളുടെ സഹകരണം ആവശ്യപ്പെടുകയും ചെയ്തു. 2023 ഒക്ടോബർ മാസംവരെ സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിന് സജീവമായി പങ്കുചേരാനാണ് പാപ്പ നാമേവരെയും ക്ഷണിക്കുന്നത്.

സിനഡിൽ അർത്ഥപൂർണ്ണമായി പങ്കുചേരണമെങ്കിൽ സിനഡിന്റെ അർത്ഥം, ഉത്ഭവം, പ്രവർത്തനശൈലി, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ അറിവ് നമുക്കുണ്ടായിരിക്കണം. 'സിനഡ്' എന്ന ഗ്രീക്ക് വാക്കിന്റെ അർഥം ''ഒരുമിച്ച് യാത്രചെയ്യൽ'' എന്നാണ്. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ യേശുവാകുന്ന വഴിയിലൂടെ ദൈവരാജ്യത്തിലേയ്ക്കുള്ള ഒരുമിച്ചുള്ള യാത്രയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒറ്റയ്ക്ക് ആർക്കും രക്ഷപ്പെടാനാവില്ലല്ലോ. സഭ രക്ഷയുടെ-ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമാണ്. വിശ്വസിക്കുന്നവരെല്ലാം യേശുവിൽ ഒന്നായി യേശു അനുഭവം എല്ലാവരുമായി പങ്കുവയ്ക്കുമ്പോഴാണ് രക്ഷ ഒരു യാഥാർത്ഥ്യമായി തീരുന്നത്. ഈ ആശയം ഉൾക്കൊള്ളുന്നതാണ് ഇത്തവണ സിനഡിന്റെ വിചിന്തനത്തിനും ചർച്ചയ്ക്കുമായി തിരഞ്ഞെടുത്ത ചിന്താവിഷയം: ''സിനഡാത്മക സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം''.

ആരംഭം മുതൽ സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും ഐക്യം ശിഥിലമാകുന്നു എന്ന് തോന്നുമ്പോഴും, വിശ്വാസത്തെ ഒന്നുകൂടി ഉറപ്പിക്കാനും തിളക്കമുള്ളതാക്കിത്തീർക്കാനും സഭാംഗങ്ങളെല്ലാം ഒരുമിച്ചുകൂടി വിശ്വാസം ആഴമായി അനുഭവിച്ചറിയുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം സഭയിലുണ്ടായിരുന്നു. സഭ ലോകമാസകലം വ്യാപിച്ചതോടെ പ്രാദേശിക സഭകൾക്കുപുറമേ ചില അടിയന്തിര സന്ദർഭങ്ങളിൽ ലോകത്തിലെ എല്ലാ മെത്രാന്മാരും ഒരുമിച്ചുകൂടുന്ന സമ്മേളനങ്ങളും ചരിത്രത്തിൽ കാണാൻ സാധിക്കും. സാർവ്വത്രിക സൂനഹദോസ് എന്നാണ് ഇത്തരം സമ്മേളനങ്ങൾ അറിയപ്പെടുന്നത്. ഇപ്രകാരം വിളിച്ചുകൂട്ടിയ അവസാനത്തെ സമ്മേളനമാണ് 1965-ൽ അവസാനിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ്. ഈ സൂനഹദോസിന്റെ അനുഭവം സിനഡുകളിലൂടെ തുടരാൻ ആഗ്രഹിക്കുന്നതായി വി. പോൾ ആറാമൻ പാപ്പ സൂചിപ്പിക്കുകയുണ്ടായി. എല്ലാ മെത്രന്മാർക്കും പകരം വിവിധ രാജ്യങ്ങളിലെ മെത്രാൻ സമിതികൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനമാണ് സിനഡ്. 1974-ൽ വി. പോൾ ആറാമൻ പാപ്പതന്നെ ആദ്യത്തെ സിനഡ് വിളിച്ചുകൂട്ടി. മെത്രാന്മാരുടെ 16-ാമത്തെ സിനഡാണ് ഇപ്പോൾ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിനുപുറമേ, ചില പ്രത്യേക സാഹചര്യങ്ങളിൽ മെത്രാന്മാരുടെ അസാധാരണ സിനഡുകളും സമ്മേളിച്ചതായി നാം കാണുന്നു.

ഇപ്രകാരം വിളിച്ചുകൂട്ടുന്ന ഓരോ സിനഡിനും ഉത്തരവാദിത്വപ്പെട്ടവരുടെ സഹായത്തോടെ പാപ്പ നിർദ്ദേശിക്കുന്ന ഒരു ആനുകാലിക ചർച്ചാവിഷയവും, അതേക്കുറിച്ചുള്ള ഒരു പഠനരേഖയും, ഒരുക്കരേഖയും ഉണ്ടായിരിക്കും. പ്രതിനിധികളായി തിരഞ്ഞെടുക്കുന്ന മെത്രാന്മാർ ഈ രേഖകളുടെ അടിസ്ഥാനത്തിൽ അവർ പ്രാധാന്യം നൽകുന്ന ഏതെങ്കിലും വിഷയം സിനഡ് പിതാക്കന്മാരുടെ മുമ്പിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയുമാണ് പതിവ്. അവസാനം സിനഡിന്റെ പഠനങ്ങളെല്ലാം ക്രോഡീകരിച്ച് സഭയുടെ വളർച്ചയ്ക്കായി ആനുകാലിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പ്രമാണരേഖയായി പ്രസിദ്ധീകരിക്കുന്നു.

ഇപ്പോൾ പ്രഖ്യാപിച്ച ഈ സിനഡിന് ഇതിനുമുമ്പുള്ള സിനഡുകളിൽനിന്നും ഏറെ വ്യത്യാസങ്ങളുണ്ട്. ഈ സിനഡിനെ വേണമെങ്കിൽ ഒരു വികേന്ദ്രീകൃത സിനഡായി വിശേഷിപ്പിക്കാനാകും. മെത്രാന്മാരുടെ സിനഡ് സാധാരണഗതിയിൽ ഏതാണ്ട് ഒരുമാസം ദീർഘിക്കുന്നതായിരുന്നു. എന്നാൽ കഴിഞ്ഞ 9-ാം തീയതി ഫ്രാൻസിസ് പാപ്പ തുടക്കംക്കുറിച്ച സിനഡ് രണ്ടുകൊല്ലങ്ങൾക്കുശേഷം 2023 ഒക്ടോബറിലാണ് അവസാനിക്കുന്നത്. ഈ കാലയളവിൽ ഓരോ സഭാംഗത്തിനും അവരവരുടെ വരദാനങ്ങൾക്കനുസരിച്ച് സഭയുടെ വളർച്ചയ്ക്കായി ഇടപെടാനുള്ള ധാരാളം അവസരങ്ങളുണ്ട്. മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഈ സിനഡ് സംഘടിപ്പിച്ചിരിക്കുന്നത്. 2021 ഒക്ടോബർ 17-ാം തീയതി രൂപതയിലെ എല്ലാ സംവിധാനങ്ങളോടൊപ്പം പ്രാദേശികമായി ആരംഭിക്കുന്ന ഈ സിനഡിന്റെ വിചിന്തനങ്ങൾ ഓരോ ഭൂഖണ്ഡങ്ങളുടെയും സമിതികൾ ക്രോഡീകരിച്ച ശേഷം റോമിലെ തിരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരുടെ സമ്മേളനം സഭയുടെ വളർച്ചയ്ക്കും വിശുദ്ധീകരണത്തിനുമായി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളോടെ സമാപിക്കുന്നു.

ഫ്രാൻസിസ് പാപ്പ ഇപ്പോൾ തുടക്കം കുറിച്ച സിനഡിന്റെ ഉദ്ദേശ്യം ദീർഘമായ പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷം വിഷയത്തെ ആസ്പദമാക്കി സഭയുടെ വളർച്ചയ്ക്കാവശ്യമായ ഒരു പ്രമാണരേഖ രൂപപ്പെടുത്തുക മാത്രമല്ല, അതിനേക്കാളുപരിയായി സഭാംഗങ്ങളെല്ലാം ഈ രണ്ട് കൊല്ലക്കാലം നെഞ്ചോട് ചേർത്ത്പിടിക്കേണ്ട 10 ലക്ഷ്യങ്ങൾകൂടി ഇതിന്റെ സംഘാടകർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1. നാം സഹയാത്രികരായി ഒരുമിച്ച് യാത്രചെയ്യുന്നു.
2. മുൻവിധികളില്ലാതെ നാം പരസ്പരം ശ്രവിക്കുന്നു.
3. സത്യവും സ്വാതന്ത്ര്യവും സ്നേഹവും നിറഞ്ഞ ധൈര്യത്തോടെ നാം തുറന്നു സംസാരിക്കുന്നു.
4. വചനം ശ്രദ്ധയോടെ ശ്രവിച്ചും ദിവ്യബലിയിൽ സജ്ജീവമായി പങ്കെടുത്തും നാം വിശ്വാസം ആഘോഷിക്കുന്നു.
5. പ്രേഷിതപ്രവർത്തനങ്ങളിൽ നാം സജ്ജീവമായി പങ്കുചേരുന്നു.
6. സഭയിലും സമൂഹത്തിലും നാം ഉള്ളുതുറന്ന് സംസാരിക്കുന്നു.
7. ക്രൈസ്തവരുടെ ഐക്യം വളർത്താൻ നാം ശ്രദ്ധിക്കുന്നു.
8. അധികാര മനോഭാവം വെടിഞ്ഞ് സേവന മനോഭാവത്തോടെ നാം എല്ലാ ശുശ്രൂഷകളും നിർവ്വഹിക്കുന്നു.
9. എല്ലാ കാര്യങ്ങളിലും, എല്ലാ തലങ്ങളിലും പരിശുദ്ധാത്മാവിൽനിന്നും ശക്തിയും പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് നാമൊരുമിച്ച് മുന്നേറുന്നു.
10. യേശുവിന്റെ ശിഷ്യഗണമായ അപ്പസ്തോലിക കൂട്ടായ്മയായി നാം വളരുന്നു.

സിനഡിന്റെ ഈ രണ്ടുക്കൊല്ലക്കാലവും അതിരൂപതയിലെ പ്രവർത്തനങ്ങളെല്ലാം ദേശീയ തലത്തിലും സാർവ്വത്രിക തലത്തിലും നിരന്തരം ബന്ധപ്പെട്ടുകൊണ്ട് അവർ നല്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കും.

- ഒക്ടോബർ 17-ാം തീയതി ഭദ്രാസന ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷൻ സിനഡിന്റെ രൂപതാതല ഉത്ഘാടനം നിർവ്വഹിക്കുന്നു. റോമിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി ആരാധനക്രമം സജ്ജീകരിച്ചിട്ടുണ്ട്. അത്മായ-സന്യാസ-വൈദിക പ്രാധിനിത്യവും കഴിയുന്നത്ര ഉറപ്പാക്കിയിട്ടുണ്ട്.
- രൂപതാതല സിനഡിന്റെ പ്രവർത്തനങ്ങൾ ദേശീയതലവും സാർവ്വത്രിക തലവുമായി ബന്ധപ്പെട്ട് മുന്നോട്ടുകൊണ്ടുപോകാനായി വികാരി ജനറൽ, അതിരൂപതാ ശുശ്രൂഷാ കോഡിനേറ്റർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. രൂപതയിലെ എല്ലാ സംവിധാനങ്ങളുടെയും ശുശ്രൂഷയുടെയും ഭാരവാഹികൾ ഇവരോടൊപ്പം സഹകരിക്കുന്നതായിരിക്കും. സിനഡിന്റെ ഫെറോനതല ഉത്ഘാടനം അതിരൂപതാ ഉത്ഘാടന മാതൃകയിൽ ഒക്ടോബർ 24-ാം തീയതി (മിഷൻ ഞായർ) നടത്തുന്നത് ഉചിതമായിരിക്കും. സൗകര്യപ്രദമായ ഏറ്റവും അടുത്ത ഒരുദിവസം ഓരോ ഇടവകയിലും സിനഡിന് തുടക്കം കുറിക്കാവുന്നതാണ്.

- ഇതോടനുബന്ധിച്ച് ഫെറോനകളിലും ഇടവകകളിലും സിനഡൽ സമിതികൾക്ക് രൂപം നല്കേണ്ടതാണ്. ഫെറോനയിലെയും ഇടവകകളിലെയും വിവിധ സംവിധാനങ്ങളുടെയും ശുശ്രൂഷകളുടെയും പ്രതിനിധികൾ സിനഡൽ പ്രവർത്തക സമിതിയുടെ അംഗങ്ങളായിരിക്കും.
- സിനഡിന്റെ ഒരുക്കരേഖയും പഠനരേഖയും അവ ലഭ്യമാകുന്നതനുസരിച്ച് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതാണ്.
- രൂപതാതല സിനഡൽ സമിതിയുടെ രൂപീകരണത്തിനുശേഷം അവർക്കായി കെ.ആർ.എൽ.സി.സി.യുടെയും സി.സി.ബി.ഐ.യുടെയും ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

ഫ്രാൻസിസ് പാപ്പയുടെ സിനഡ് പ്രഖ്യാപനവും അതിനായി നല്കിയ മാർഗ്ഗരേഖകളും ഒരു ദൈവനിയോഗമായി ഞാൻ കരുതുന്നു. ഒരു ഘട്ടത്തിൽ നമ്മുടെ അതിരൂപതയിൽ തീക്ഷണതയോടെ രൂപംകൊണ്ട സംവിധാനങ്ങളും ശുശ്രൂഷകളും കാലക്രമേണ മന്ദീഭവിച്ചുപോയി എന്നൊരാക്ഷേപം പരക്കെ കേൾക്കാറുണ്ട്. അതിൽ കുറെയേറെ സത്യവുമുണ്ട്. കൊറോണ വൈറസിന്റെ വ്യാപനവും സഭാജീവിതത്തിൽ കുറെയേറെ വിള്ളലുകൾ ഉണ്ടാക്കിയതായി നമുക്കറിയാം. പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുന്ന ഒരു ഉയിർത്തെഴുന്നേല്പിനായി നാം പ്രാർത്ഥിക്കുകയായിരുന്നു. അതിനായുള്ള ഒരു അസുലഭ അവസരമാണ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ഈ സിനഡിലൂടെ നമുക്ക് സംലഭ്യമായിരിക്കുന്നത്. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളുമായി ആത്മാർഥമായി സഹകരിച്ചുകൊണ്ട് പുതിയൊരാകാശവും പുതിയൊരു ഭൂമിയും പടുത്തുയർത്താനായി അതായത്, പ്രാദേശിക സഭയാകുന്ന നമ്മുടെ അതിരൂപതയെ ദൈവരാജ്യമായി രൂപാന്തരപ്പെടുത്താനുള്ള പ്രസ്തുത സംരംഭങ്ങളുടെ വിജയത്തിനായി സന്തോഷപൂർവ്വം നമ്മെത്തന്നെ സമർപ്പിക്കുകയും അതിനായി ത്യാഗപൂർവ്വം നമുക്ക് പരിശ്രമിക്കുകയും ചെയ്യാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

ARCHBISHOP M. SOOSAPAKIAM ★ TRIVANDRUM ★

പ്രാർത്ഥനാശംസകളോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**NB**: ഈ ഇടയലേഖനം 2021 ഒക്ടോബർ മാസം 17-ാം തീയതി ദിവ്യബലിമധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.